# അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്ന് കുന്നംകുളം സീനിയർ ഗ്രൗണ്ട്

കുന്നംകുളം: കുന്നംകുളത്തെ സ്പോർട്സ് ഹബ്ബാക്കി മാറ്റുന്ന പദ്ധതിയുടെ ഭാഗമായ ഗവ.ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്കിന്റെ റബ്ബർ ലെയറിങ്ങ് പ്രവൃത്തി പൂർത്തീകരിച്ചു. എ സി മൊയ്തീൻ എംഎൽഎയുടെ പ്രത്യേക താല്പര്യപ്രകാരമാണ് പദ്ധതി കുന്നംകുളത്ത് നടപ്പിലാക്കുന്നത്. സ്കൂൾ ഗ്രൗണ്ടിൽ നിർമാണം പൂർത്തിയായ ഫുട്ബോൾ ഗ്രൗണ്ടിന് ചുറ്റുമാണ് 400 മീറ്റർ നീളത്തിലുള്ള സിന്തറ്റിക് ട്രാക്ക് സജ്ജീകരിച്ചിട്ടുള്ളത്. സ്കൂൾ കായികമത്സരങ്ങളിലെ വേഗതയേറിയ താരങ്ങളെ കണ്ടെത്താൻ ട്രാക്ക് ഒരുങ്ങിക്കഴിഞ്ഞു. ട്രാക്കിലെ ലൈൻ മാർക്കിങ്ങ് കൂടി പൂർത്തീകരിച്ചാൽ കുന്നംകുളം സീനിയർ ഗ്രൗണ്ട് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരും.

ഹൈദരാബാദ് ആസ്ഥാനമായ ഗ്രേറ്റ് സ്പോർട്സ് ടെക് എന്ന സ്ഥാപനമാണ് സംസ്ഥാന കായിക വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവൃത്തികൾ നിർവഹിക്കുന്നത്. ലൈൻ മാർക്കിങ് പ്രവൃത്തികളും കമ്പനിയാണ് നിർവഹിക്കുന്നത്. ലൈൻ മാർക്കിങ്ങിനുശേഷം അത്‌ലറ്റിക് ഫെഡറേഷന്റെ നേതൃത്വത്തിൽ വിദഗ്ദ്ധ പരിശോധനയ്ക്ക് ശേഷം അന്താരാഷ്ട്ര നിലവാരത്തിനുള്ള കായികമത്സരങ്ങൾ നടത്താൻ അനുമതിയാകും.

400 മീറ്റർ ട്രാക്കിന് പുറമേ ജമ്പിങ് പിറ്റ്, പവലിയൻ എന്നിവയും പവലിയനുതാഴെ ഡ്രസിങ്ങ് റൂം, ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്ന് പ്രോജക്ട് എൻജിനീയർ പി. സി രഞ്ജിത്ത് പറഞ്ഞു. 7 കോടി രൂപയാണ് സീനിയർ ഗ്രൗണ്ടിന്റെ വിവിധ വികസന പദ്ധതികൾക്കായി അനുവദിച്ചത്. ഖേലോ ഇന്ത്യ പദ്ധതിയുടെ ഭാഗമായാണ് കുന്നംകുളം ഗവ. ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ ദേശീയ അത്‌ലറ്റ് മത്സരങ്ങൾ നടത്തും വിധം പ്രവൃത്തികൾ നടത്തുന്നത്.



തൃശൂർ ജില്ലാ ഭരണകൂടം, ജില്ലാ ശിശുക്ഷേമ സമിതി, വിദ്യാഭ്യാസ വകുപ്പ്, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ശിശുദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച റാലി

# ഗുരുവായൂർ സീവേജ് കണക്ഷൻ: പ്രധാന വകുപ്പുകളുടെ യോഗം 17ന്

ഗുരുവായൂർ : ഗുരുവായൂർ സിവേജ് കണക്ഷൻ ലഭിക്കുന്നതുമായ ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി ഗുരുവായൂർ മുനിസിപ്പാലിറ്റി, വാട്ടർ അതോറിറ്റി, പിഡബ്ല്യുഡി, ദേവസ്വം എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിക്കുന്നതിനും 17 ന് ആദ്യ സിറ്റിങ്ങ് നടത്തുന്നതിനും തീരുമാനിച്ചു. ഗുരുവായൂർ അഴുക്കുച്ചാൽ പദ്ധതിയുടെ പുരോഗതിയുമായി ബന്ധപ്പെട്ട് എൻ.കെ അക്ബർ എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതല യോഗത്തിലാണ് തീരുമാനം. നിലവിൽ അപേക്ഷ നൽകി ഇതു വരെ കണക്ഷൻ ലഭിക്കാത്തവർക്കും അപേക്ഷ നിരസിച്ചവർക്കും പുതിയ കണക്ഷൻ എടുക്കുന്നവർക്കും അദാലത്തിൽ പങ്കെടുക്കാവുന്നതാണ്. ശബരിമല സീസൺ ആരംഭിക്കുന്നതിന് മുമ്പായി ഗുരുവായൂർ നഗരസഭ സ്ഥാപനങ്ങളുടെ സീവേജ് കണക്ഷൻ അടിയന്തരമായി നൽകാൻ എംഎൽഎ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്ക് കർശന നിർദേശം നൽകി.

യോഗത്തിൽ നഗരസഭ ചെയർമാൻ എം. കൃഷ്ണദാസ്, വൈസ് ചെയർമാൻ അനിഷ്മ ഷനോജ്, സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ എം.എസ് മനോജ്, ടി.എസ് സുധി, എം.വി രാജൻ, ഹരീഷ്, ഇ.എൻ സുരേന്ദ്രൻ വാട്ടർ അതോറിറ്റി, പിഡബ്ല്യുഡി, നഗരസഭ, ദേവസ്വം വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.




ഹരി ഇരിങ്ങാലക്കുടയുടെ അനുസ്മരണ സമ്മേളനത്തിൽ എം.പി.ജാക്സൺ സംസാരിക്കുന്നു.

# ഹരി ഇരിങ്ങാലക്കുട അനുസ്മരണം

ഇരിങ്ങാലക്കുട: മെട്രൊ വാർത്ത ഇരിങ്ങാലക്കുട റിപ്പോർട്ടറും സംസ്കാര സാഹിതി നിയോജക മണ്ഡലം കമ്മറ്റി സാംസ്കാരിക പ്രവർത്തകനും സംസ്കാര സാഹിതി ജില്ല സെക്രട്ടറിയുമായിരുന്ന ഹരി ഇരിങ്ങാലക്കുടയുടെ അനുസ്മരണം എസ്എൻ സ്കൂൾ ഹാളിൽ നടത്തി. ചെയർമാൻ സി.എസ്. അബ്ദുൾ ഹക്ക് അധ്യക്ഷത വഹിച്ചു.

എം.പി. ജാക്സൺ, സാവിത്രി ലക്ഷ്മണൻ, ടി.വി.ചാർളി, അഡ്വ. ജോസ് മൂഞ്ഞേലി, അരുൺ ഗാന്ധി ഗ്രാം, എ.സി. സുരേഷ്, പി.എസ്. സുനിൽ, രാധാകൃഷ്ണൻ വെട്ടത്ത്, പി. ഭരത് കുമാർ എന്നിവർ സംസാരിച്ചു. തുടർന്ന് വിദ്യാർഥികൾക്കായി നടത്തിയ ലേഖന മത്സര വിജയികൾക്ക് മെമ്മന്റോ, സർട്ടിഫിക്കറ്റ്, പുസ്തകം എന്നിവ നൽകി.

## മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഓംബുഡ്സ്മാന്റെ താക്കീത്

മാള : ഹൈക്കോടതി ഉത്തരവുണ്ടായിട്ടും റോഡ് സൈഡിലുള്ള കൊടിമരങ്ങളും ഷെഡുകളും സ്തൂപങ്ങളും പൊളിച്ചു മാറ്റാത്തതിനുമെതിരേ മാള പഞ്ചായത്തു സെക്രട്ടറിക്ക് ഓംബുഡ്സ്മാൻ ജസ്റ്റിസ് പി.എസ് ഗോപിനാഥൻ താക്കീത് നൽകി.ഒരു വർഷം മുമ്പാണു ഹൈക്കോടതി ഉത്തവു വന്നത് എങ്കിലും മാള പഞ്ചായത്ത് ഇത് നടപ്പിലാക്കിയിരുന്നില്ല. ഇതിനെ തുടർന്ന് ഈ വർഷം പൊതുപ്രവർത്തകനായ സേവിയർ ഇലഞ്ഞിക്കൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാന് പരാതി നൽകുകയും ജൂലൈ 27 ന് മുമ്പായി പരാതി നൽകിയ സ്ഥലങ്ങളിലെ കൊടിമരങ്ങളും ഷെഡുകളും, സ്തൂപങ്ങളും ആറ് ആഴച്ചക്കുള്ളിൽ നീക്കം ചെയ്യാൻ ഉത്തരവ് ഇടുകയും ചെയ്തു. എന്നാൽ ഈ വിധി നടപ്പിലാക്കാൻ സെക്രട്ടറിയും പൊലീസും പരാജയപ്പെട്ടിരുന്നു. പിന്നീട് വീണ്ടും സേവിയർ ഇലഞ്ഞിക്കൽ ഓംബുഡ്സ്മാന് പരാതി നൽകുകയും 6 ആഴ്ചക്കുള്ളിൽ ഡിസംബർ 28 നു മുൻമ്പ് വിധി നടപ്പിലാക്കണം എന്നും ഉത്തരവ് വരുകയും ചെയ്തിട്ടുണ്ട്.

## പട്ടിലുംകുഴിയിലെ ജനകീയ ടർഫ് ഫുട്ബോൾ കോർട്ട് ഉദ്ഘാടനം ചെയ്തു

പീച്ചി: കേരളത്തിൽ ജനകീയ പങ്കാളിത്തത്തോടെ ആദ്യമായി നിർമിച്ച ജനകീയ ടർഫ് ഫുട്ബോൾ കോർട്ട് ചലച്ചിത്ര സംവിധായകൻ ലാൽ ജോസ് ഉദ്ഘാടനം ചെയ്തു. ഇച്ഛാശക്തിയും കഠിനാധ്വാനവും ഇഴ ചേർത്ത പട്ടിലും കുഴിയിലെ ജനങ്ങളുടെ കൂട്ടായ്മ കേരളത്തിനു മാതൃകയാണെന്ന് സംവിധായകൻ ലാൽ ജോസ് പറഞ്ഞു. ജനകീയ ക്ലബിന്റെ ആശയം അവതരിപ്പിക്കുകയും നടപ്പിലാക്കുന്നതിന് മുൻകൈയെടുക്കുകയും ചെയ്ത ഷാജി കോടങ്കണ്ടത്തിനെ ലാൽ ജോസ് അനുമോദിച്ചു. .പഞ്ചായത്ത് പ്രസിഡന്റ് പി.പി. രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. നൂറോളം അംഗങ്ങളുള്ള പട്ടിലും കുഴി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബിന്റെ നേതൃത്വത്തിൽ നിർമിച്ച ചേർന്നു നിർമിച്ച ടർഫ് കോർട്ട് മലയോര മേഖലയിലെ ആദ്യത്തെ ജനകീയ ടർഫ് കോർട്ട് കൂടിയാണ്. എംഎൽഎമാരായ സനീഷ് കുമാർ ജോസഫ്, പി.വി. ശ്രീനിജൻ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു. സുമനസുകളുടെ സഹായത്തിൽ 40 ലക്ഷം രൂപ സമാഹരിച്ചാണു കോർട്ടു നിർമിച്ചത്.

## ഇന്റർ സ്കൂൾ സയൻസ് സിംപോസിയം

ചാലക്കുടി: ചാലക്കുടി ക്രസന്റ് പബ്ലിക്ക് സ്കൂളിൽ നാളെ ഇന്റർ സ്കൂൾ സയൻസ് സിംപോസിയം നടക്കുമെന്ന് വാർത്താ സമ്മേളനത്തിൽ സ്കൂൾ അധികൃതർ അറിയിച്ചു. ശാസ്ത്രത്തിന്റേയും സാങ്കേതിക വിദ്യയുടേയും ഏകോപനം സുസ്ഥിരമായ ഭാവിക്ക് എന്ന വിഷയം ആസ്പദമാക്കി നടത്തുന്ന സിംപോസിയത്തിൽ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്നായി പത്തിലധികം ടീമുകൾ പങ്കെടുക്കും.

# ശിശുദിനം സമുചിതമായി ആഘോഷിച്ച് നാട്

തൃശൂർ: അയ്യായിരത്തിലധികം കുട്ടികൾ പങ്കെടുത്ത വർണശബളമായ ശിശുദിന റാലിയോടെ ജില്ലയിലും ശിശുദിനം സമുചിതമായി ആഘോഷിച്ചു. ശിശുദിന റാലി മേയർ എം.കെ വർഗീസ് ഫ്ലാഗ് ഓഫ് ചെയ്തു. കുട്ടികളുടെ പ്രധാനമന്ത്രി ആരാധ്യ പ്രതാപ് നയിച്ച ശിശുദിന റാലി സംഗീത നാടക അക്കാദമി റീജണൽ തിയറ്ററിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ ഡേവിസ് സ്വീകരിച്ചു. ജില്ലാ കലക്ടർ ഹരിത വി കുമാർ ശിശുദിന സന്ദേശം നൽകി. ജില്ലാ ഭരണകൂടം, ജില്ലാ ശിശുക്ഷേമ സമിതി, കോർപ്പറേഷൻ ജില്ലാ പഞ്ചായത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സംയുക്ത അഭിമുഖ്യത്തിലാണ് ശിശുദിനാഘോഷ പരിപാടികൾ സംഘടിപ്പിച്ചത്.

**ഒല്ലൂർ:** ഒല്ലൂക്കര അഡീഷണൽ ഒല്ലൂർ സെക്ടർ ചൈതന്യ അംഗനവാടി അഞ്ചേരിച്ചിറ ശിശുദിനം ആഘോഷിച്ചു. ഡെപ്യൂട്ടി തഹസിൽദാർ രാജേഷ് മാരാത്ത് ഉദ്ഘാടനം ചെയ്തു. പ്ലക്കാർഡുകളുമായി അംഗൻവാടി കുട്ടികൾ ശിശുദിന റാലി നടത്തി. വർക്കർ റെനി ജോയ് സ്വാഗതം പറഞ്ഞു. കമ്മറ്റി അംഗങ്ങളായ അവിൻ.എം.ജി, ഹരിദാസ്, അഞ്ജലി സന്തോഷ് എന്നിവർ സംസാരിച്ചു. കേക്ക് വിതരണത്തിനു ശേഷം ഹെൽപ്പർ കെ.സി. ഓമന നന്ദിയും പറഞ്ഞു.

**ചാലക്കുടി:** വ്യാസ വിദ്യാനികേതൻ സെൻട്രൽ സ്കൂളിൽ ശിശുദിനം ആഘോഷിച്ചു. പ്രിൻസിപ്പാൾ എം.കെ.ശ്രീനിവാസൻ അധ്യക്ഷനായ പരിപാടി പൂർവ്വ വിദ്യാർഥികളായ ആനന്ദ് കൃഷ്ണ, ഡോ.അശ്വതി അജയൻ, ഡോ. അമൃത.ആർ.വാര്യർ എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവ്വഹിച്ചു. സ്കൂൾ മാനേജർ യു.പ്രഭാകരൻ പ്രസംഗിച്ചു.

**ഇരിങ്ങാലക്കുട:** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷനിൽ ശിശുദിനം ആഘോഷിച്ചു. 150ൽ പരം കുട്ടികളും രക്ഷിതാക്കളും പങ്കെടുത്ത റാലിയോടു കൂടി പരിപാടികൾക്ക് തുടക്കമായി. നിപ്മർ എക്സിക്യൂട്ടിവ് ഡയറക്ടർ ചന്ദ്രബാബു ശിശുദിന സന്ദേശം കൈമാറി. ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സ് ജേതാവായ അവന്തിക ചന്ദ്രൻ പരിപാടിയിൽ മുഖ്യാതിഥിയായി.

**ചാലക്കുടി:** മേലൂർ പൂലാനി വിഷ്ണുപുരം ശ്രീധർമ ശാസ്ത വിദ്യാനികേതന്റെ നേതൃത്വത്തിൽ ശിശുദിനാഘോഷത്തിന്റെ ഭാഗമായി ഫ്ളാഷ് മോബും മൈമും അവതരിപ്പിച്ചു. ലഹരിയെന്ന മഹാവിപത്തിനെതിരെ ജനമനസാക്ഷി ഉണർത്താനായി മേലൂർ പള്ളി നട ജംഗ്ഷനിൽ നടത്തിയ ബോധവത്ക്കരണ പരിപാടികൾ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലീന ഡേവീസ് ഉദ്ഘാടനം ചെയ്തു. ജഗദ് ഗുരു ട്രസ്റ്റ് ട്രഷറർ ടി.എൻ.രാമൻ മുഖ്യപ്രഭാഷണം നടത്തി.ജഗദ്ഗുരു ട്രസ്റ്റ് ചെയർമാൻ ജി.പത്മനാഭ സ്വാമി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

**അന്തിക്കാട്:** എറവ് സെന്റ് തെരസോസ് അക്കാദമിയിൽ ശിശു ദിനം ആഘോഷിച്ചു. ദേശിയ ബാസ്ക്കറ്റ് ബോൾ റഫറി ഫാ. റോയ് ജോസഫ് വടക്കൻ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ സിസ്റ്റർ റെനിറ്റ അധ്യക്ഷത വഹിച്ചു. സോജാപോൾ പ്രസംഗിച്ചു.

**പുതുക്കാട്:** ചാക്കോച്ചിറ ചിത്തിര അങ്കണവാടിയിൽ നടന്ന ചാച്ചാജി ദിനാചരണത്തോടനുബന്ധിച്ച് പുഷ്പാർച്ചനയും ശിശുദിന റാലിയും ഗ്രാമ പഞ്ചായത്തംഗം ഷാജു കാളിയേ ങ്കര ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്തംഗം സതി സുധീർ മുഖ്യാതിഥിയായിരുന്നു. അങ്കണവാടി വർക്കർ കെ.കെ അംബിക, ഹെൽപർ രാജി എന്നിവർ നേതൃത്വം നൽകി.

**വടക്കാഞ്ചേരി:** നിറക്കൂട്ട്- ചിത്രരചന മത്സരം നാലാമത് ഭരതൻ പുരസ്കാരത്തിനായി സ്കൂൾ വിദ്യാർഥികൾക്കായി ശിശുദിന ചിത്രരചന മത്സരം നടന്നു. ചിത്രകാരിയായ നിർമല മുകന്ദൻ മേനോൻ ഉദ്ഘാടനം ചെയ്തു. ലൈബ്രറി പ്രസിഡന്റ് വി.മുരളി അധ്യക്ഷനായി. ലൈബ്രറി സെക്രട്ടറി ജി.സത്യൻ, ബാലവേദി കൺവീനർ എം.എം.മഹേഷ്, എം.കെ.ഉസ്മാൻ, പി.കെ.സുബ്രഹ്മണ്യൻ, എം.ശങ്കരനാരായണൻ തുടങ്ങിയവർ പ്രസംഗിച്ചു.

## റോട്ടറി വൊക്കേഷണൽ അവാർഡ് ജോയ് മൂത്തേടന്

ചാലക്കുടി: ചാലക്കുടി റോട്ടറി ക്ലബിന്റെ ഈ വർഷത്തെ വൊക്കേഷണൽ അവാർഡ് ചാലക്കുടി മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് ജോയി മൂത്തേടന് നാളെ ചാലക്കുടി റോട്ടറി ക്ലബ് ഹാളിൽ വച്ച് നടക്കുന്ന ചടങ്ങിൽ വച്ച് സമ്മാനിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. തൃശൂർ ക്രൈം ബ്രാഞ്ച്എസ്പി കെ.എസ് സുദർശനൻ അവാർഡ് സമ്മാനിക്കും. വാർത്താസമ്മേളനത്തിൽ പ്രസിഡന്റ് ഷാജു ജോസ് സെക്രട്ടറി ജോൺ തെക്കേക്കര എൻ കുമാരൻ രമേഷ്കുമാർ കുഴിക്കാട്ടിൽ അനീഷ പങ്കജാക്ഷൻ എന്നിവർ പങ്കെടുത്തു.

## തിരുന്നാളിന് കൊടിയേറി

അന്തിക്കാട്: വെളുത്തൂർ സെന്റ് ജോർജ് പള്ളിയിലെ തിരുന്നാൾ ആഘോഷങ്ങൾക്ക് അരിമ്പൂർ പള്ളിവികാരി ഫാ. ഫ്രാങ്കോ കവലക്കാട്ട് കൊടിയേറ്റി. ഫാ.റോയ്സൺ കൊള്ളന്നൂർ സഹകാർമികനായി. 19, 20 തിയ്യതികളിലാണ് തിരുന്നാൾ. ജനറൽ കൺവീനർ ജോസഫ് മുട്ടത്ത്, ട്രസ്റ്റിമാരായ ബാബു തേറാട്ടിൽ, റാഫി വാഴപ്പിള്ളി എന്നിവർ നേതൃത്വം നൽകി.

## നിറച്ചാർത്ത് എഴാം പതിപ്പ്

വടക്കാഞ്ചേരി: നിറച്ചാർത്ത് എഴാം പതിപ്പിന്റെ മുന്നൊരുക്കത്തിന്റെ ഭാഗമായികുട്ടികളുടെ ദ്വിദിന ചിത്രരചനാ ശിൽപ്പശാല, നാടകക്കളരി, കെപിഎസി ലളിത ചലച്ചിത്രോത്സവം എന്നിവ എങ്കക്കാട് നിദർശനയിൽ നടക്കും.19, 20 തിയ്യതികളിലായി 5-10 ക്ലാസുകളിലെ വിദ്യാർഥികൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന ചിത്രരചനാ ശിൽപ്പശാല, ചിത്രകാരൻ പി. ജി. ശ്രീനിവാസൻ നയിക്കും. 8- 12 ക്ലാസുകളിലെ വിദ്യാർഥികൾക്കായി, നാടകപ്രവർത്തകൻ അഹമ്മദ് സിജ്ജത് നയിക്കുന്ന നാടകക്കളരിയും അരങ്ങേറും. പങ്കെടുക്കാൻ താൽപര്യമുള്ളവർ 85471 18037 ൽ ബന്ധപ്പെടുക.

നാട്ടുകാരിയും നിറച്ചാർത്ത് വേദികളിലെ സജീവസാന്നിധ്യവുമായിരുന്ന, അന്തരിച്ച കെപിഎസി ലളിതയുടെ സ്മരണാർഥം, അവരുടെ ശ്രദ്ധേയമായ മൂന്നു സിനിമകൾ പ്രദർശിപ്പിക്കും.18 ന് വെങ്കലം, 19 ന് കൊടിയേറ്റം, 20 ന് ടി. പി. ബാലഗോപാലൻ എം.എ. എന്നീ ചിത്രങ്ങളാണ് പ്രദർശിപ്പിക്കുക. നിദർശനയിൽ വൈകുന്നേരം ഏഴിനാണ് പ്രദർശനം. കലാനിരൂപകയും ചിത്രകാരിയും തൃശൂർ ഫൈൻ ആർട്സ് കോളെജ് അധ്യാപികയുമായ കവിതാ ബാലകൃഷ്ണൻ 19 ന് കാലത്ത് 9:30 ന് മുന്നൊരുക്കം ഉദ്ഘാടനം ചെയ്യും.

# സംഘപരിവാറിനെ ഇല്ലാതാക്കാൻ ശ്രമിക്കുന്നു: ബി. ഗോപാലകൃഷ്ണൻ

ഗുരുവായൂർ : സ്വർഗിയ ആനന്ദൻ ബലിദാനത്തിനോടനുബന്ധിച്ച് തൈക്കാട് തിരുവിൽ ബിജെപി പാവറട്ടി മണ്ഡലം കമ്മിറ്റി ജനസദസ് സംഘടിപ്പിച്ചു. അധികാര ഭ്രാന്ത് തലക്ക് പിടിച്ച ഇടതുപക്ഷം ദേശവിരുദ്ധ ശക്തികളുമായി കൂട്ടു ചേർന്നു സംഘപരിവാർ പ്രവർത്തകരെ ഇല്ലാതാക്കുന്നത് അവസാനിപ്പിക്കണമെന്ന് ജന സദസ് ഉദ്ഘാടനം ചെയ്തു കൊണ്ട് ബിജെപി സംസ്ഥാന ഉപാധ്യക്ഷൻ ബി. ഗോപാലകൃഷ്ണൻ പറഞ്ഞു. പാവറട്ടി മണ്ഡലം കമ്മിറ്റി പ്രസിഡന്റ് സുജിത്ത് പാണ്ടാരിക്കൽ അധ്യക്ഷത വഹിച്ചു കെ.ആർ അനീഷ്, ജസ്റ്റിൻ ജെയ്ക്കബ്, പ്രവീൺ പറങ്ങനാട്ട്, ബിജു പട്ട്യാമ്പുള്ളി, സന്തോഷ് കോലാരി, എം.ആർ വിശ്വൻ, സബീഷ് മരതയൂർ, മോഹിനി, വിബിഷ് കണ്ടാണശേരി തുടങ്ങിയവർ പ്രസംഗിച്ചു.

# ആയുഷ് ആശുപത്രിയുടെ നിർമാണം ജൂലായിൽ പൂർത്തിയാകും

ചാലക്കുടി: കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗിച്ച് നിർമാണം പുരോഗമിക്കുന്ന പത്മഭൂഷൺ വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആശുപത്രി ജൂലായ് മാസത്തോടെ നിർമാണം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതിക്ഷിക്കുന്നതായി അധികൃതർ അറിയിച്ചു. നാല്പത് ശതമാനം നിർമാണ ജോലികൾ പൂർത്തിയായതായും സനീഷ്കുമാർ ജോസഫ് എംഎൽഎ വിളിച്ച് ചേർത്ത അവലോകനയോഗത്തിൽ ആയുഷ് വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു.

മൂന്ന് നിലകളിലായി നിർമിയ്ക്കുന്ന ആശുപത്രി കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമാണം പൂർത്തിയായതായും തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയയാക്കുമെന്നും ഉദ്യോഗസ്ഥർ യോഗത്തിൽ വ്യക്തമാക്കി. കെട്ടിട നിർമാണം പൂർത്തിയാകുന്നമുറയ്ക്ക് ആശുപത്രി പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുവാനുള്ള നടപടികൾ ആരംഭിയ്ക്കുവാൻ എംഎൽഎ വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

ആശുപത്രി നിർമാണത്തിനായി ആവശ്യപ്പെട്ട അഞ്ചു സെന്റ് സ്ഥലം കൂടി കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിയ്ക്കുകയാണെന്ന് നഗരസഭയും അറിയിച്ചു. ചാലക്കുടി നഗരസഭ ഭാരതീയ ചികിത്സാ വകുപ്പിന് കൈമാറിയ 60 സെന്റ് സ്ഥലത്ത് 11 കോടി രൂപ ചെലവിലാണ് നിർമാണം നടത്തുന്നത്.

ആയുർവേദ നേത്ര ചികിത്സയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ആശുപത്രിയിൽ നേത്ര ചികിത്സയ്ക്ക് 30 കിടക്കകളും ജനറൽ വിഭാഗത്തിന് 10 കിടക്കകളും യോഗ, പ്രകൃതി ചികിത്സാ വിഭാഗത്തിന് 10 കിടക്കകളും ഉൾപ്പെടെ ആകെ 50 പേർക്ക് കിടത്തി ചികിത്സാ സൗകര്യം ഉണ്ടായിരിക്കും.

നഗരസഭ കൗൺസിലർമാരായ കെ വി പോൾ, ബിജു എസ് ചിറയത്ത്, ഷിബു വാലപ്പൻ, ലിബി ഷാജി, ജോജി കാട്ടാളൻ, ആയുർവേദ ഡി എം ഒ ഡോ. സലജകുമാരി, ആയുഷ് ഡി പി എം ഡോ. നൗഷാദ് എം എസ്, എൻ എച്ച് എം എൻജിനിയർ പോൾസി, ഡോ . സ്മിത ഷാജൻ തുടങ്ങിയവർ പങ്കെടുത്തു.

ICICI Home Finance | കോർപ്പറേറ്റ് ഓഫിസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി- കുർള റോഡ്, അന്ധേരി (ഈസ്റ്റ്), മുംബൈ- 400059, ഇന്ത്യ.

ശാഖ ഓഫിസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, പ്രസാദ് ആർക്കേഡ്, ബിൽഡിങ് നമ്പർ 28/ 127 / 5, പാട്ടുരയ്ക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ-680022

പ്രൊവിസോ റൂൾ 8(6) കാണുക

സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002ലെ എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, സെക്യൂരറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റ് റൂൾ 8(6) പ്രകാരമുള്ള ഇ- ലേല വിൽപ്പന.

വായ്പാ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ (ജാമ്യ വസ്തു) **പ്രതീകാത്മക ജപ്തി** ചെയ്തതായും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

| Sr. No. | വായ്പ്പക്കാരന്റെ/സഹവായ്പ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ | ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ ഏതെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ | തിരിച്ചടയ്ക്കാനുള്ള തുക | റിസർവ് പ്രൈസ് / ഇഎംഡി | ഇൻസ്പെക്ഷൻ തിയതിയും സമയവും | ലേലത്തിന്റെ തിയതി, സമയം |
|---|---|---|---|---|---|---|
| (A) | (B) | (C) | (D) | (E) | (F) | (G) |
| 1. | അൻസൂർ മുൻഷി (വായ്പ്പക്കാരൻ ) സംസുർ നിഹാർ (സഹ വായ്പ്പക്കാരൻ ) ലോൺ അക്കൗണ്ട് No. LHTHR00001323245 | റി സർവേ നമ്പർ 63/11 , തൃശൂർ താലൂക്ക്, റോയൽ സ്ട്രീറ്റ് , തൃശൂർ, വിളവട്ടം വില്ലേജ്, തൃശൂർ ജില്ല, പിൻ - 680009 | Rs. 1,60,06,293/- 10th Nov, 2022 | Rs.1,52,26,313/- / Rs. 15,22,630/- | 13th Dec, 2022 11:00 AM- 03:00 PM | 16th Dec, 2022 02:00 PM- 03:00 PM |

ലേല ഏജൻസി ഓക്ഷൻ ടൈഗറിന്റെ **(യുആർഎൽ ലിങ്ക് https://sarfaesi.auctiontiger.net/EPROC)** വെബ്സൈറ്റിലായിരിക്കും ഓൺലൈൻ ലേലം നടക്കുക. സ്ഥലം ജാമ്യമായി നൽകിയവർക്ക് **15 ഡിസംബർ 2022 വൈകിട്ട് 5 മണി** വരെ മുഴുവൻ തുകയും തിരിച്ചടക്കുന്നതിനുള്ള അവസരം നൽകും. പണം തിരിച്ചടച്ചില്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ജാമ്യവസ്തു വിൽപ്പന ചെയ്യുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വില നിരതദ്രവ്യം (ഇഎംഡി), ആർടിജിഎസ്/ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) (കോളം ഇ യിൽ പരാമർശിക്കുന്ന വിധം) എന്നിവ സഹിതം അടച്ച കവറിൽ **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, പ്രസാദ് ആർക്കേഡ്, ബിൽഡിങ് നമ്പർ 28/ 127 / 5, പാട്ടുരയ്ക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ-680022** എന്ന വിലാസത്തിലേക്ക് **15 ഡിസംബർ 2022 വൈകിട്ട് 4 മണിക്കു** മുമ്പായി അയക്കേണ്ടതാണ്. ദയവായി ശ്രദ്ധിക്കുക, ലേലം വിളിക്കുന്നവർക്ക് വെബ്സൈറ്റ് വഴി ഓഫർ സമർപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ, ടെൻഡർ രേഖകളുടെ ഒപ്പിട്ട പകർപ്പ് **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, പ്രസാദ് ആർക്കേഡ്, ബിൽഡിങ് നമ്പർ 28/ 127 / 5, പാട്ടുരയ്ക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ-680022** എന്ന വിലാസത്തിലേക്ക് **15 ഡിസംബർ 2022 വൈകിട്ട് 5 മണിക്കു** മുമ്പായി അയക്കേണ്ടതാണ്. നിരതദ്രവ്യ തുക, ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) എന്നിവ നാഷണലൈഡ്സ്/ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന് - ലേലം തൃശൂരിൽ** മാറാവുന്ന വിധത്തിലായിരിക്കണം.

കൂടുതൽ വിശദാംശങ്ങൾക്കും, വസ്തു പരിശോധിക്കുന്നതിനെക്കുറിച്ചോ ടെൻഡർ സമർപ്പിക്കുന്നതിനെക്കുറിച്ചോ ഏതെങ്കിലും വിധത്തിലുള്ള സംശയങ്ങൾ ഉള്ളവർക്കും **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ** 7021072869 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

താഴെ ഒപ്പിട്ടിരിക്കുന്നഅംഗീകൃത ഓഫിസർക്ക് ഓഫറുകൾ അല്ലെങ്കിൽ ടെൻഡറുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കാനും സ്വീകരിക്കാനും നിർദേശിക്കാൻ അധികാരമുണ്ട്. വിശദമായ വ്യവസ്ഥകൾക്കും നിർദേശങ്ങൾക്കുമായി ഐസിഐസിഐ ബാങ്ക് ലിമിറ്റഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക https://www.icicihfc.com/

**തിയതി: നവംബർ 15 , 2022**
**.സ്ഥലം: തൃശൂർ**

അംഗീകൃത ഓഫിസർ
ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്




Edited, Printed and Published by R. Gopikrishnan, Chief Editor on behalf of M/s.Vaartha News Network Pvt.Ltd., V. Reji Kumar (Executive Editor), Vol 15, Issue No. 312 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com